പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3733 — 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.ക്കുള്ള സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച സാമ്പത്തിക സഹായങ്ങളുടെ വിശദാംശം നൽകുമോ; | (എ) | 2016-17 സാമ്പത്തിക വർഷം 5055-00-190-99-കെ.എസ്.ആർ.ടി.സി.യിലെ നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതി വിഹിതമായി 40.61 കോടി രൂപയും 7055-00-190-99-കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതിയേതര വിഹിതമായി (വായ്പയായി) 305 കോടി രൂപയും നൽകി.<br><br>2017-18 സാമ്പത്തികവർഷത്തിൽ പദ്ധതി വിഹിതമായി 5055-00-190-99 എന്ന ശീർഷകത്തിൽ നിന്ന് 29.6 കോടി രൂപയും 7055-00-190-99-കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതി വിഹിതമായി 205 കോടി രൂപയും പദ്ധതിയേതര വിഹിതമായി 630 കോടി രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്.<br><br>2018-19 സാമ്പത്തിക വർഷത്തിൽ 5055-00-190-99 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 49.15 കോടി രൂപയിൽ 13.90 കോടി രൂപയുടെ പദ്ധതികൾക്ക് ഗ്രീൻ ബുക്ക് മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 7055-00-190-99-കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് ഇതുവരെ 701.989272/- കോടി രൂപ, കെ.എസ്.ആർ.ടി.സി.യിലെ ശമ്പള/വേതന വിതരണം, സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്ത കെ.എസ്.ആർ. |

| | | | |
|---|---|---|---|
| | | | ടി.സി. പെൻഷൻ തുക 10% പലിശ സഹിതമുള്ള തിരിച്ചടവ്, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകളുടെ പലിശ തിരിച്ചടവ്, കെ.എസ്.ആർ.ടി.സി.യിലെ ഓണക്കാലത്തെ ബോണസ് വിതരണം, കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നാഷണൽ പെൻഷൻ സ്കീം (NPS) കുടിശ്ശിക തീർപ്പാക്കൽ എന്നീ ആവശ്യങ്ങൾ ക്കായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റാളുകൾ എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തികരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും, സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ വീഡിയോ വോൾ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിനും ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി KSRTC ബസുകൾ പരസ്യത്തിനു നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടിയിലേക്കും, KURTC ബസ്സുകളിൽ 1,30,00,000/- രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽ നിന്നും 161 കോടി |

| | | | |
|---|---|---|---|
| | | | രൂപയിലേക്ക് ഗണ്യമായ വർധനവാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചത്. ആയതി നൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസു കളിൽ കൊറിയർ പാർസൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000/- രൂപ ലഭിക്കുന്നു. ഇത് ഈയിനത്തിൽ പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**